LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം നടത്തുന്നതിനും ജലസ്രോതസ്സുകളുടെ നവീകരണത്തിനും പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശാസ്താംകോട്ട കായലിൽ താത്കാലിക ബണ്ടും ലീഡിംഗ് ചാനലും ലിഫ്റ്റ് പമ്പും സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 4 ട്യൂബ് വെൽ നിർമ്മിക്കുന്നതിനും 2 ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നതിനായി 41,36,606 രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നടപ്പാക്കുന്നതിന് ഏകദേശം 30.00 ലക്ഷം രൂപ ആവശ്യമാണ്. ഭൂജലവകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 41,36,606 രൂപ ചിലവാകും.

(സി) കേരള വാട്ടർ അതോറിറ്റിക്ക് യുക അനുവദിച്ചിട്ടില്ല.

ഭൂജല വകുപ്പിന് കൊല്ലം നിയോജകമണ്ഡലത്തിൽ 3 ട്യൂബ് വെൽ പൂർത്തീകരിച്ചതിന് ചിലവായ 14,56,943 രൂപ അനുവദിച്ചിട്ടുണ്ട്.

റാന്നി നിയോജകമണ്ഡലത്തിലെ വഞ്ചികപ്പാറ കുടിവെള്ള പദ്ധതി

152 (844) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എ.സി. എ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിൽ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ വഞ്ചികപ്പാറ കേന്ദ്രീകരിച്ച് ഒരു കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് എന്നാണ് എം.എൽ.എ. പ്രൊപ്പോസൽ നൽകിയത് ; ഈ പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയത് ;

(ബി) പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ; നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 7-12-2012-ലാണ് എം.എൽ.എ. പ്രൊപ്പോസൽ നൽകിയത്.1-11-2014-ൽ ഭരണാനുമതി നൽകി.

(ബി) സാങ്കേതികാനുമതി നൽകിയിട്ടില്ല. ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തിൽനിന്നും ലഭിച്ചിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്യുകിട്ടുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതാണ്.

(സി) പഞ്ചായത്തിൽനിന്നും ജല അതോറിറ്റിക്ക് സ്ഥലം കൈമാറിയ ശേഷം എസ്റ്റിമേറ്റ് വീണ്ടും തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജലസേചന പദ്ധതികൾ

153 (845) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചനവകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് തരംതിരിച്ച് വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിയും നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്ന പദ്ധതി

154 (846) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly